(9) എ. ഐ. വൈ. എഫ്. കാരുടെ സെക്രട്ടേറിയറ്റ് ഘെരാവോ

ശ്രീ. കെ. പി. പ്രഭാകരൻ : സർ, എ.ഐ.വൈ. എഫിന്റെ നേതൃത്വത്തിൽ പതിനായിരക്കണക്കിന് യുവജനങ്ങൾ ഇന്ന് സെക്രട്ടറിയേറ്റ് ഘെരാവോ ചെയ്യുകയാണ്. കേരളത്തിലെ 26 ലക്ഷം തൊഴിൽരഹിതരുടെ പ്രശ്നങ്ങളോടുള്ള ഗവൺമെന്റിന്റെ അവഗണനയിൽ പ്രതിഷേധിച്ചാണ് ഇത്തരം ഒരു സാഹസിക സമരത്തിന് യുവാക്കൾ മുതിർന്നത്. ഈ ഘെരാവോയിൽ പങ്കെടുക്കുന്നതിനുവേണ്ടി ഇന്നലെ എറണാകുളം മുതൽ വടക്കോട്ടുള്ള എട്ടു ജില്ലകളിൽനിന്ന് പുറപ്പെട്ട യുവജനങ്ങളെ, യുവതി യുവാക്കളെ റയിൽവേ സ്റ്റേഷനുകളിൽ പ്രവേശിക്കാൻ പോലും അനുവദിക്കാതെ പോലീസ് അറസ്റ്റ് ചെയ്തിരിക്കുകയാണ്. ആലപ്പുഴ, എറണാകുളം റെയിവേ സ്റ്റേഷനുകളിൽനിന്ന് തീവണ്ടിയിൽ കയറിയ 200 വാളണ്ടിയർമാരെ ഇന്നലെ കോട്ടയത്തുവച്ച് അറസ്റ്റ് ചെയ്ത പോലീസ് ക്യാമ്പിൽ തടഞ്ഞു വച്ചിരിക്കുകയാണ്. വളരെ കടുത്ത ബലപ്രയോഗത്തിനുശേഷമാണ് പോലീസ് റെയിവേ സ്റ്റേഷൻ പരിസരത്തുനിന്നും അവരെ പലരേയും നീക്കം ചെയ്തത്. പോലീസ് മർദ്ദനത്തിന്റെ ഫലമായി പരിക്കേറ്റ നിരവധി യുവാക്കൾ കോഴിക്കോട്, കണ്ണൂർ, വടകര ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുകയാണ്. എന്നാൽ ഈ തടസ്സങ്ങളെല്ലാം മറികടന്നുകൊണ്ട് ആലപ്പുഴ, കോട്ടയം മുതൽ തെക്കോട്ടുള്ള ജില്ലകളിൽനിന്ന് ആറും ഏഴും ദിവസം കാൽനടയായി പുറപ്പെട്ട 523 ജാഥകളിലായി വന്ന വാളണ്ടിയർമാരാണ് ഇന്ന് സെക്രട്ടേറിയറ്റ് ഘെരാവോ ചെയ്യുന്നത്. അവരെ. സെക്രട്ടേറിയറ്റിന്റെ മുൻപിലുള്ള റോഡിലേക്കുപോലും പ്രവേശിക്കാൻ അനുവദിക്കാതെ പോലീസ് കയറുകെട്ടി തടഞ്ഞു നിറുത്തിയിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. വളരെ ഭീകരമായ ഒരന്തരീക്ഷം സെക്രട്ടേറിയറ്റിന്റെ ചുറ്റും ഇന്ന് പോലീസ് സൃഷ്ടിച്ചിരിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

സർ, ഇത്തരത്തിലുള്ള സാഹസ സമരത്തിനു അവർ നിർബന്ധിതരായിട്ടുള്ളത് യുവജനങ്ങളുടെ തൊഴിൽ സാദ്ധ്യതകളെല്ലാം കൊട്ടിയടക്കപ്പെട്ടതുകൊണ്ടാണ്. ഒട്ടനവധി അഗ്നി പരീക്ഷണങ്ങളും തരണംചെയ്ത് പി. എസ്. സി. റാങ്കു ലിസ്റ്റിൽ സ്ഥാനം നേടിയ ഒരു ലക്ഷത്തോളം ആളുകളുണ്ട്. കാലാവധി കഴിഞ്ഞിട്ടും ജോലി ലഭിക്കാതെ, അവരുടെ നിയമന സാദ്ധ്യതകളും നഷ്ടപ്പെട്ടു പോകുകയും ചെയ്യുന്നു. അങ്ങനെ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലെല്ലാം പത്തെഴുപതിനായിരത്തോളം ഒഴിവുകളും നികത്താതെ കിടക്കുകയാണ്. ഇലക്ട്രിസിറ്റിബോർഡ്, ട്രാൻസ്പോർട്ടു കോർപ്പറേഷൻ, ധനകാര്യ സ്ഥാപനങ്ങളും എന്നിവിടങ്ങളിലൊക്കെ ആയിരക്കണക്കിന് ഒഴിവുകളും—തൊഴിലവസരങ്ങളും ഇന്നു മരവിപ്പിച്ചിരിക്കുകയാണ്. പിന്നെ കമ്പ്യൂട്ടറൈസേഷൻ വഴി പുതിയ തൊഴിൽ സാദ്ധ്യതകളൊക്കെ തടയപ്പെട്ടിരിക്കുകയാണ്. വലിയ തൊഴിൽ സാദ്ധ്യതകളും ഉണ്ടാകുമെന്നും യുവജനങ്ങളും പ്രതീക്ഷിച്ചിരുന്നു, നമുക്ക് കിട്ടുമെന്ന് ഉറപ്പായിരുന്ന കോച്ചു ഫാക്ടറി നമുക്കു നഷ്ടപ്പെട്ടു. പകരം മറെറാന്നു നേടിയെടുക്കുന്ന കാര്യത്തിൽ ഇതുവരെ ഗവൺമെന്റ് യാതൊരു ശുഷ്കാന്തിയും കാണിച്ചിട്ടില്ല. നിലവിലുള്ള സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനം തന്നെ ഇലക്ട്രിസിറ്റി ബോർഡിന്റെ വർദ്ധിച്ച താരിഫ് നയം ഇന്ന് തകർത്തിരിക്കുകയാണ്. ഇന്ന് എവിടെയെങ്കിലും ഒരു അത്യാവശ്യ ജോലിക്കു ആളുകളെ എടുക്കുകയാണെങ്കിൽ അവിടെ ഇന്നത്തെ റിക്രൂട്ടിംഗ് സ്ഥാപനങ്ങളൊക്കെത്തന്നെ അഴിമതി കേന്ദ്രങ്ങളായി പുറം വാതിലിൽക്കൂടിയുള്ള നിയമനങ്ങളും കൈക്കൂലിയുമാണ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നത്. വൻതുക കൈക്കൂലി കൊടുക്കാൻ കഴിയുന്ന അപൂർവം ചില ആളുകൾക്കല്ലാതെ എന്തെങ്കിലും ഒരു തൊഴിൽ ലഭ്യമല്ലാത്ത സ്ഥിതിയാണ്. തൊഴിലില്ലായ്മ വേതനത്തിന്റെ കാര്യത്തിൽ ആണെങ്കിൽ ഇന്നു 10 ശതമാനം യുവാക്കൾക്കുപോലും അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതിയുടെ കാര്യത്തിലാണെങ്കിൽ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും കൊടുക്കാൻ കഴിയുന്നില്ല. പതിമൂവായിരം ആളുകൾക്കു ഒരു വർഷത്തിൽ സ്വയം തൊഴിൽ കിട്ടുമെന്നാണ് പറയുന്നത്. അങ്ങനെ യുവാക്കൾ ഈ കടമ്പകളൊക്കെ കടന്ന് സഹായം നേടിയാൽ അവർക്കു പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഇന്ന് ഒട്ടനവധി പ്രതിബന്ധങ്ങൾ നിലനിൽക്കുകയാണ്. വൈദ്യുതിയുടെ കാര്യത്തിലാണെങ്കിൽ നിർബന്ധ കോൺട്രിബ്യൂഷൻ, മറ്റു അസംസ്കൃത സാധനങ്ങളുടെ ലഭ്യത, മാർക്കറ്റ് ഇങ്ങനെ നൂറായിരം കടമ്പകൾ കടന്നുവേണം ഒന്നു പിടിച്ചു നിൽക്കാൻ. ഇങ്ങനെയുള്ള സ്ഫോടനാത്മകമായ ഒരു സ്ഥിതിവിശേഷമാണുള്ളത്. ഒരു സാഹസിക സമരത്തിന് ഇന്നു നമ്മുടെ സംസ്ഥാനത്തിലെ യുവജനങ്ങൾ മുന്നോട്ടുവന്നു. എന്നാൽ അവരെ റെയിൽവേ സ്റ്റേഷനിൽപ്പോലും പ്രവേശിക്കാൻ അനുവദിച്ചില്ല. റെയിൽവെ നിയമങ്ങളിൽ എന്തെങ്കിലും നിയമം ലംഘിച്ചാൽ അതിനു നടപടിയെടുക്കേണ്ടത് റെയിൽവേ പോലീസാണ്. പക്ഷേ റെയിൽവേ സ്റ്റേഷനിലേക്കുപോലും പ്രവേശിക്കാൻ അവരെ അനുവദിക്കാതെ വഴിയിൽവച്ചുതന്നെ ബലം പ്രയോഗിച്ച് മർദ്ദിച്ച് അവരെയൊക്കെ നീക്കം ചെയ്ത നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഇന്നു സമര രംഗത്തു വന്നിട്ടുള്ള യുവജനങ്ങളുടെ ന്യായമായ പ്രശ്നങ്ങൾക്കുനേരെ മുഖം തിരിഞ്ഞു നിൽക്കാതെ അതിനു പരിഹാരമുണ്ടാക്കുകയാണു വേണ്ടത്. ഒട്ടനവധി പ്രായോഗിക നിർദ്ദേശങ്ങൾ എ.ഐ.വൈ.എഫ്. ഈ സംസ്ഥാനത്തെ ഗവൺമെന്റിന്റെ മുൻപിൽ സമർപ്പിച്ചിട്ടുള്ളതാണ്. അവരുമായി ചർച്ച ചെയ്ത് അതിനു സാദ്ധ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതിനു പകരം പോലീസിനെ കയറൂരിവിട്ടുകൊണ്ട് ഒരു ഭീകര അന്തരീക്ഷം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. തൊഴിലില്ലാതെ അസംതൃപ്തരായി, ഭാവിയെ പറ്റി ആശങ്കാകുലരായി കഴിയുന്ന യുവജനങ്ങൾക്കുനേരെ പോലീസിനെ കയറൂരിവിട്ടുകൊണ്ട് അവരുടെ സമരത്തെ അടിച്ചമർത്താമെന്നാണ് ഗവൺമെന്റ് കരുതുന്നതെങ്കിൽ അത് ആപത്താണ്. കടന്തക്കൂട്ടിൽ കല്ലിട്ട് അപകടം ക്ഷണിച്ചുവരുത്തരുതെന്നാണ് എനിക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്. അവരുടെ പ്രശ്നത്തെ അനുഭാവപൂർവമായി പരിഗണിച്ച് അതു പരിഹരിക്കാനുള്ള സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ അടുത്ത ഒരു ദിവസം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ശ്രദ്ധക്ഷണിക്കലിലൂടെ ഇതിനെപ്പറ്റി വിശദമായി സംസാരിച്ചു കഴിഞ്ഞതാണ്. പോലീസിനെ കയറൂരിവിട്ടു, എന്തും ചെയ്യുന്നു എന്നുള്ള പ്രചരണം തുടർച്ചയായി നടത്തി അവരെ നിർവീര്യമാക്കുന്നു. അതോടൊപ്പംതന്നെ മറുഭാഗത്തു സമരത്തിന്റെ പേരിൽ എന്തും ചെയ്യാമെന്നുള്ള തോന്നൽ ഈ നാടിന് ആപത്താണ്. ഞാൻ ചോദിക്കട്ടെ റെയിൽവേയിൽ യാത്ര ചെയ്യുന്നതിന് ലക്ഷ്യം എന്താണെന്നു നോക്കിയല്ല ടിക്കറ്റു വാങ്ങിക്കുക. സമരത്തിനു വരുന്നവർക്കു ടിക്കറ്റ് ഒഴിവാക്കിയിട്ടില്ല. ടിക്കറ്റു വാങ്ങിക്കാതെ യാത്ര ചെയ്യുന്ന ആളുകളെ തടയും..... (ബഹളം).....സർ, റെയിൽവെ പ്ലാറ്റ്ഫോമിൽ പോകണമെങ്കിൽ അന്നേ പ്ലാറ്റ്ഫോം ടിക്കറ്റ് എടുക്കണം. പ്ലാറ്റ്ഫോം ടിക്കറ്റ് എടുക്കാതെ ആരെയും പ്ലാറ്റ്ഫോമിൽ കടക്കാൻ അനുവദിക്കുകയില്ല. സർ, ലാ ആൻഡ് ഓർഡറിന്റെ ഭാഗമായിട്ടല്ല.....(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. കെ. പി. പ്രഭാകരൻ അദ്ദേഹത്തിനു പറയാനുള്ളതു വിശദമായി പറഞ്ഞു. ഇനി മുഖ്യമന്ത്രിക്കു പറയാനുള്ളതു കേൾക്കണ്ടേ? മുഖ്യമന്ത്രിക്കു പറയാനുള്ളതുകേൾക്കൂ. ശ്രീ. കെ. പി. പ്രഭാകരനു പറയാനുള്ളതു പറയാൻ സമയം കൊടുത്തു.

ശ്രീ. കെ. കരുണാകരൻ : സർ, റെയിൽവേയെ സംബന്ധിച്ചിടത്തോളം അവരുടെ പരാതി റെയിൽവേ പോലീസുണ്ടെന്നാണ്. റെയിൽവേ പോലീസിനെ സാധാരണ സ്റ്റേറ്റു പോലീസാണ് സഹായിക്കാറുള്ളത്. ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യാൻ പാടില്ല.....(ബഹളം).....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന ഓരോ വാചകത്തിലും ഇങ്ങനെ ഇടപെടുന്നതു ശരിയല്ല. ശ്രീ. കെ. പി. പ്രഭാകരനു പറയാനുള്ളത് സാവകാശം പറയാൻ സമയം കൊടുത്തു, ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അനുവാദം കൊടുത്തതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ടമുഖ്യമന്ത്രി പറയുന്നതും ദയവായി കേൾക്കൂ.

ശ്രീ. കെ. കരുണാകരൻ : സർ, ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തെ സംബന്ധിച്ചു അന്വേഷിച്ചപ്പോൾ ടിക്കറ്റ് എടുക്കാതെ വന്ന ആളുകളെ തടഞ്ഞിട്ടുണ്ടെന്നു പറഞ്ഞു. ടിക്കറ്റെടുക്കാതെ തീവണ്ടി കയറാൻ സാധിക്കുകയില്ല. അവരെ പുറത്താക്കി. ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നു.....(ബഹളം).....ഏതു ഗവൺമെൻറിന്റെ കാലത്തും നിയമവാഴ്ചയുണ്ടെങ്കിൽ നിയമം ലംഘിക്കുന്നവരെ കയറൂരിവിടാൻ സാദ്ധ്യമല്ല. അതു വളരെ വ്യക്തമായി പറയുന്നു. സർ, സെക്രട്ടറിയറ്റിന്റെ കാര്യത്തിൽ, ഈ സെക്രട്ടറിയറ്റു പ്രൊട്ടക്ടു ചെയ്യേണ്ടെ ? അത് ഗവൺമെൻറിന്റെ ചുമതലയാണ്. ആ ചുമതല ഗവൺമെൻറു നിർവ്വഹിക്കുകയാണ്. ആ ചുമതലയിൽനിന്നും ഗവൺമെൻറിനെ പിൻമാറുന്നത് നമുക്കാർക്കും നല്ലതല്ല. ഈ സഭയിൽപ്പോലും നമുക്കു ശാന്തമായി കൂടാനുള്ള ഒരു അന്തരീക്ഷം ഉണ്ടാകേണ്ടേ ? ആ അന്തരീക്ഷം സൃഷ്ടിക്കുകയെന്നത് ഗവൺമെൻറിന്റെ ചുമതലയാണ്. അല്ലാതെ യാതൊരു വിധത്തിലുള്ള ഉദ്ദേശവും ഇതിന്റെ പിന്നിലില്ല. യുവാക്കളെ സംബന്ധിച്ചിടത്തോളം തൊഴിൽസാദ്ധ്യതകൾക്കുള്ള നടപടികളും ഞാൻ വിശദീകരിച്ചുകഴിഞ്ഞു. ഇനിയും ചില പരിപാടികളും ആവിഷ്കരിക്കുന്നുണ്ട്.

10. വോട്ടർ പട്ടിക പുതുക്കുന്നതിനെ സംബന്ധിച്ച്

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, 1987 ജനുവരി 1-ാം തീയതിവച്ച് വോട്ടർ പട്ടിക പുതുക്കുന്നതിനുവേണ്ടി ഗവൺമെൻറ് ഒരു കാര്യപരിപാടി തയ്യാറാക്കിയിരുന്നു. അതനുസരിച്ച് വീടുവീടാന്തരമുള്ള എന്യൂമറേഷൻ സെപ്റ്റംബർ 30-നകം പൂർത്തിയാക്കണമെന്നും നവംബർ 15-നകം വോട്ടർ പട്ടികയുടെ ഡ്രാഫ്റ്റ് അച്ചടിച്ച് പൂർത്തിയാക്കണമെന്നുമായിരുന്നു പരിപാടി. 1986 ജൂലായ് 10-ൻറ കത്തിനെ പരാമർശിച്ചുകൊണ്ട് സെപ്റ്റംബർ 30-ന് ഇലക്ഷൻ കമ്മീഷൻ ജനറൽ ഡിപ്പാർട്ടുമെൻറിൽ നിന്ന് ഒരു കത്തയച്ചു. അതിൽ "....I am to inform you that the Election Commission of India has since revised the programme for the intensive revision of Electoral Rolls of all the Legislative Assembly Constituencies in the State, which 1987 January first as qualifying date. In partial modification of the electoral programme communicated to you wide

LIBRARY ARCHIVES Kerala Legislative Assembly